# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4471 22.07.2015-ൽ മറുപടിയ്ക്ക്

## സൈബർ കുറ്റകൃത്യങ്ങൾ

**ചോദ്യം**

ശ്രീ.ഇ.പി.ജയരാജൻ

**മറുപടി**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) 2010 മുതൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സൈബർ കുറ്റകൃത്യങ്ങളുടെ കണക്കുകൾ ലഭ്യമാക്കുമോ;

(എ) 2010 മുതൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സൈബർ കുറ്റകൃത്യങ്ങളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | 2010 | 2011 | 2012 | 2013 | 2014 | 2015 (14.07.2015 വരെ) |
|---|---|---|---|---|---|---|
| ആകെ | 172 | 285 | 324 | 390 | 466 | 192 |

(ബി) ഓരോ വർഷവും സൈബർ കുറ്റകൃത്യങ്ങളിൽ എത്ര ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വർഷവും സൈബർ കുറ്റകൃത്യങ്ങളിൽ മുൻ വർഷങ്ങളെ അപേക്ഷിച്ചുള്ള വർദ്ധനവ് ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | 2010 | 2011 | 2012 | 2013 | 2014 |
|---|---|---|---|---|---|
| വർദ്ധനവ് (ശതമാനത്തിൽ) | 0 | 65.70% | 13.68% | 20.37% | 19.49% |

(സി) സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുവാനും നടപടികൾ സ്വീകരിക്കുവാനും നിലവിലുള്ള കുറ്റാന്വേഷണ സംവിധാനങ്ങൾ എന്തെല്ലാമാണ്?

(സി) കേരളത്തിൽ സൈബർ ക്രൈം പോലീസ് സ്റ്റേഷൻ ക്രൈംബ്രാഞ്ച് മേധാവിയുടെയും, ഓർഗനൈസ്ഡ് ക്രൈം വിംഗ്-1 ന്റെ പോലീസ് സൂപ്രണ്ടിന്റെയും മേൽ നോട്ടത്തിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ എല്ലാ പോലീസ് ജില്ലകളിലും സൈബർ സെല്ലുകൾ പ്രവർത്തിക്കുന്നു. ജില്ലകളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് സഹായിക്കുന്നതും പരാതികൾ അന്വേഷിക്കുന്നതും സൈബർ സെല്ലുകൾ മുഖേനയാണ്. കൂടുതൽ സൈബർ സാങ്കേതിക വിദ്യ ആവശ്യമുള്ള കേസുകളാണ് സൈബർ പോലീസ് സ്റ്റേഷനിൽ അന്വേഷിച്ചു വരുന്നത്. ഇതു കൂടാതെ സംസ്ഥാന തലത്തിൽ പരാതികൾ അന്വേഷിക്കുന്നതിനായി തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്ത് Hi-tech Crime Enquiry Cell-ഉം പ്രവർത്തിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ